# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 70    06.01.2014-ൽ മറുപടിയ്ക്ക്**

**ഐ. എസ്.ആർ. ഒ. ചാരക്കേസ്**

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഐ. എസ്. ആർ.ഒ. ചാരക്കേസിൽ കേസെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) നടപടി സ്വീകരിക്കണമെന്ന ആവശ്യം രേഖാമൂലം ഉന്നയിച്ചത് ആരെല്ലാമായിരുന്നു ; | (ബി) ശ്രീ. കെ. മുരളീധരൻ, എം. എൽ. എ. ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകിയിരുന്നു. |
| സി) ഇത് സംബന്ധമായി കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാർ സത്യവാങ്മൂലത്തിലൂടെ സ്വീകരിച്ച നിലപാട് എന്താണ് ;അത് നൽകിയത് എപ്പോഴാണ് ; | (സി) ഇത് സംബന്ധിച്ച് ശ്രീ. എസ്. നമ്പിനാരായണൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No.30918/2012 നമ്പർ കേസിന്മേൽ 25.07.2013, 04.10.2013 എന്നീ തീയതികളിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ 29.06.2011-ലെ ഉത്തരവ് ശരിവെയ്ക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| ഡി) ചാരക്കേസിൽ സ്ഥാനം രാജിവെക്കേണ്ടിവന്ന മുഖ്യമന്ത്രിയുടെ ബന്ധുക്കളിൽ ആരെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നോ ; ഇത് സംബന്ധമായി സർക്കാരിന് ലഭിച്ച ഹർജികളിലെ ആവശ്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ? | (ഡി) ഇല്ല. ഇതു സംബന്ധിച്ച് ശ്രീ. കെ. മുരളീധരൻ, എം. എൽ. എ. ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച കത്തിൽ കൃത്യവിലോപം കാണിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സി. ബി.ഐ. നൽകിയ ശുപാർശ പ്രകാരം നടപടി സ്വീകരിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ